**'ഭരണഭാഷ – മാതൃഭാഷ'**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

ജോയിൻറ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: ബി ജസ്റ്റിൻരാജ്)

വിഷയം: – വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം – ശ്രീ.എൻ.ടെന്നിസൺ, സീനിയർ ഇൻസ്ട്രക്ടർക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിന് മുൻകാല പ്രാബല്യം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: –

1. സർക്കാർ ഉത്തരവ് നം. (പി) 408/71/പി.ഡി തീയതി 29.11.1971.
2. 17.08.2016-ൽ ശ്രീ.എൻ.ടെന്നിസൺ, ജൂനിയർ ഇൻസ്ട്രക്ടർ നൽകിയ അപേക്ഷ.
3. 12.4.2018-ലെ സി1/143/2017/തൊഴിൽ നമ്പരായ സർക്കാർ കത്ത്.
4. 14.01.2019-ലെ എ 2/3489/2008 നമ്പരായ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ്.
5. 02.06.2018-ലെ ജോയിൻറ് ഡയറക്ടറുടെ എ 2/21373/16 നമ്പർ ഉത്തരവ്.
6. 30.01.2015-ലെ ട്രെയിനിംഗ് ഡയറക്ടറുടെ വി .സി/11825/2014 നമ്പർ ഉത്തരവ്.
7. 11.11.2019-ലെ ഡി1/143/2017/തൊഴിൽ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ: DT/3361/2019-A2 തീയതി: 08/01/2020**

വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്ക്) തസ്തികയിൽ 15.07.1996-ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.എൻ.ടെന്നിസന്റെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സീനിയോരിറ്റി 04.03.2008-ലെ എ 2/16635/06 നമ്പർ ഉത്തരവ് പ്രകാരം ക്രമ നമ്പർ 345 ആയി ഉത്തരവായിരുന്നു. എ 2/16635/06 തീയതി 04.03.2008 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഗ്രഡേഷൻ ലിസ്റ്റിലെ 317 മുതൽ 761 വരെയുള്ള ജീവനക്കാർക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം പരാമർശം നാല് പ്രകാരം അനുവദിച്ചിരുന്നു. 01.03.2002 മുതൽ 14.01.2009 വരെയുള്ള ഒഴിവുകളിൽ ആണ് ടി ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിരുന്നത്.

02.03.2006 മുതൽ 16.04.2007 വരെയും 11.05.2007 മുതൽ 06.01.2010 വരെയും ശ്രീ.എൻ.ടെന്നിസൺ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വന്നിരുന്നു എന്നതിനാൽ നാലാം പരാമർശ ഉത്തരവ് പ്രകാരം നടത്തിയ സ്ഥാനക്കയറ്റത്തിൽ ശ്രീ.എൻ.ടെന്നിസൺ, ജൂനിയർ ഇൻസ്ട്രക്ടർക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നില്ല. ടിയാളുടെ ജൂനിയർ ആയ ശ്രീമതി.ഷെറിൻ ജോസഫിന് (ക്രമ നമ്പർ 345)-ന് 23.12.2003 പ്രാബല്യത്തിൽ നാലാം പരാമർശ പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. ശ്രീ.എൻ.ടെന്നിസണെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനാധാരമായ അനധികൃതമായി സേവനത്തിൽ നിന്നും വിട്ട് നിൽക്കൽ 02.03.2006 മുതൽ മാത്രമാണ് എന്നതിനാലും ടി അച്ചടക്കനടപടികൾ പരാമർശം ആറ് പ്രകാരം അന്തിമമായി തീർപ്പാക്കി ഉത്തരവായതിനാലും തനിക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ തന്റെ ജൂനിയർ ആയ ജീവനക്കാരിയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച തീയതിയിൽ സീനിയർ ഇൻസ്ട്രക്ടർ സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് ശ്രീ.എൻ.ടെന്നിസൺ രണ്ടാം പരാമർശപ്രകാരം

അപേക്ഷ നൽകി. ടി അപേക്ഷ വിശദമായി പരിശോധിച്ചതിൽ ടിയാൾ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന് നിയോഗിക്കപ്പെട്ട അവസരത്തിൽ പങ്കെടുത്ത് വിജയിച്ചിട്ടുണ്ട് എന്നും, 15.07.1996 മുതൽ 01.03.2006 വരെയുള്ള കാലയളവിൽ ടിയാൾ സേവനത്തിലുണ്ടായിരുന്നതായും, സ്ഥാനക്കയറ്റത്തെ ബാധിക്കുന്ന യാതൊരുവിധ അച്ചടക്ക നടപടികളും ടിയാൾക്കെതിരെ നിലവിലുണ്ടായിരുന്നില്ലായെന്നും കണ്ടെത്തി. ടി സാഹചര്യത്തിൽ ടിയാളുടെ അപേക്ഷയിൽ തുടർനടപടികൾ നിർദ്ദേശിച്ച് ഉത്തരവാകുന്നതിനായി സർക്കാരിലേയ്ക്ക് ശുപാർശ നൽകി.

മൂന്നാം പരാമർശപ്രകാരം വകുപ്പിൽ നിലവിലുള്ള ഒഴിവിൽ ശ്രീ.എൻ.ടെന്നിസണ് സ്ഥാനക്കയറ്റം അനുവദിച്ചശേഷം ടി ഉത്തരവ് നാലാം പാരമർശം ഉത്തരവിനാധാരമായ സീനിയോരിറ്റി ലിസ്റ്റ് എന്നിവ സർക്കാരിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അഞ്ചാം പരാമർശപ്രകാരം 30.05.2017 പ്രാബല്യത്തിൽ ശ്രീ.എൻ.ടെന്നിസണ് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും തുടർനടപടികൾക്കായി നിർദ്ദേശങ്ങൾ ലഭിക്കുന്നതിന് സർക്കാരിൽ ശുപാർശ നൽകുകയും ചെയ്തു. ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ശ്രീ.ടെന്നിസൺ-ന്റെ ജൂനിയർ ആരാണെന്ന് ഉറപ്പ് വരുത്തിയ ശേഷം പ്രസ്തുത ജൂനിയറിന് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ ശ്രീ.എൻ.ടെന്നിസണ് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് ശമ്പള കുടിശ്ശികയ്ക്ക് അർഹതയില്ല എന്ന വ്യവസ്ഥയിൽ നോഷണൽ പ്രമോഷൻ അനുവദിക്കാവുന്നതാണ് എന്ന് പരാമർശം ഏഴ് പ്രകാരം സർക്കാർ നിർദ്ദേശം നൽകി.

മേൽസാഹചര്യത്തിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമനമ്പർ 345-ാം നമ്പരുകാരനായ ശ്രീ.എൻ.ടെന്നിസണ്, ശമ്പള കുടിശ്ശികയ്ക്ക് അർഹതയില്ല എന്ന വ്യവസ്ഥയിൽ, ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിൽ ടിയാളുടെ ജൂനിയർ ആയ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമനമ്പർ 345. ശ്രീമതി.ഷെറിൻ ജോസഫിന് സ്ഥാനക്കയറ്റം അനുവദിച്ച 23.12.2003 പ്രാബല്യത്തിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നോഷണൽ ആയി സ്ഥാനക്കയറ്റം അനുവദിച്ചുത്തരവാകുന്നു. ടിയാളുടെ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 23.12.2003 അടിസ്ഥാനമാക്കി നോഷണലായി പുനഃക്രമിക്കേണ്ടതാണ്.

ടി സാഹചര്യത്തിൽ 23.01.2019-ലെ ഡിറ്റി/468/19-എ 2 നമ്പരായ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന സീനിയർ ഇൻസ്ട്രക്ടർമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ടി ലിസ്റ്റിലെ ക്രമ നം.434 ശ്രീ.അനില.എം.കെ, ക്രമനമ്പർ 435 ശ്രീമതി.ഷെറിൻ ജോസഫ് എന്നിവർക്ക് മധ്യേ ക്രമ നമ്പർ 434A ആയി ശ്രീ.എൻ.ടെന്നിസണെ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റൽ ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
ജോയിൻറ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്

ശ്രീ.എൻ.ടെന്നിസൺ
സീനിയർ ഇൻസ്ട്രക്ടർ
ഐ.ടി.ഐ കൊല്ലം
(പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്:-1. പ്രിൻസിപ്പാൾ, ഐ.ടി.ഐ കൊല്ലം
2. എ 6 സീറ്റ്

//ഉത്തരവിൻ പ്രകാരം//

Reji.s

സീനിയർ സൂപ്രണ്ട്